# Creative Click

## 2019-2020




St.Ephrem's High School Chirakkadavu

ph:04828 230256,Email:kply32020@yahoo.co.in

# സ്നേഹപൂർവ്വം ....



ആനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ്വെയർ, ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളിൽ വിദ്യാർഥികൾക്ക് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ കുട്ടികളുടെ കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ് . അതിനൂതന സാങ്കേതിക വിദ്യകൾ എല്ലാ മേഖലകളിലും സ്വാധീനം ചെലുത്തുന്ന ഈ കാലഘട്ടത്തിൽ ഇതു പോലെയുള്ള സംരംഭങ്ങൾ കുട്ടികൾക്ക് കൂടുതൽ ആത്മവിശ്വാസം നൽകും എന്ന കാര്യത്തിൽ സംശയമില്ല. മാത്രമല്ല ഈ കമ്പ്യൂട്ടർ യുഗത്തിൽ എല്ലാ പ്രായോഗിക വശങ്ങളും സ്വായത്തമാക്കാൻ ഇതുവഴി കുട്ടികൾക്ക് സാധിക്കുന്നു. നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്ന എന്നറിയുന്നതിൽ വളരെ ചാരിതാർത്ഥ്യമുണ്ട്. ഈ കൂട്ടായ്മയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഡിജിറ്റൽ മാഗസിൻ "ക്രിയേറ്റീവ് ക്ലിക് "എല്ലാ ഭാവുകങ്ങളും നേരുന്നു . ഒപ്പം ഇതിനുവേണ്ടി പ്രേമിക്കുന്ന ലിറ്റിൽ കൈറ്റ് രണ്ടാം ബാച്ചിലെ എല്ലാ വിദ്യാർഥികളെയും അവരെ സഹായിക്കുന്ന അധ്യാപകരെയും അനുമോദിക്കുകയും ചെയ്യുന്നു.

ആശംസകളോടെ

വിമല ജേക്കബ്

ഹെഡ്മിസ്ട്രസ്

# പ്രകൃതി

മനുഷ്യാ നീയറിയുന്നുവോ ....
പ്രകൃതിതൻ മരണത്തിൻ കാഹളം
പ്രഭാതത്തിലെ പക്ഷിതൻ ഗീതവുമെല്ലാം ......
ഒരോർമ്മയായ് തീർക്കുന്നുവോ നീ .....
ഹേ നീചനായ മനുഷ്യാ.....
അമ്മയായ പ്രകൃതിയെ നോവിച്ച നീയൊരു പാപിയാണ്.
പ്രകൃതിയുടെ ഹരിതഭംഗി
ഓർമ്മകളിൽ മറഞ്ഞുവോ ...
മനോഹരമാം ഈ പ്രകുതി നീ ...
നിന്റെ സ്വാർത്ഥതയ്ക്കായി നശിപ്പിച്ചു.
നീ മറന്നുവോ നീ പിച്ചവച്ചു നടന്ന
ഈ പുൽത്തകിടുകളും കാടുമെല്ലാം ...
നിന്നുൾ തട്ടിൽ കപടൃം നിറഞ്ഞില്ലെ ..
എന്തിനെൻ പ്രകൃതിയെ
നീ ഓർമ്മയാക്കി ......

Keerthana PM

VllI C

# ഏകത

ഒറ്റയ്ക്കിരുന്നൊരാ നിമിഷങ്ങൾ
ഓർക്കുമ്പോൾ വേവലാതികൾ
ആരോടും മിണ്ടുവാനാകാതെ
ആരോടും മിണ്ടാനാകാതെ
ഏകമായിരുന്നൊരാ ദു:ഖനിമിഷങ്ങൾ

എന്തു പറ്റിയന്നറിഞ്ഞു കൂടെനിക്ക്
ഇനിയും എന്തു പറ്റാമെന്നറിയില്ല.
എല്ലാവരെയും പുഞ്ചിരിച്ചുകാട്ടാൻ
എനിക്കെന്തുകൊണ്ടു കഴിയുന്നില്ല
ഇനിയുള്ള കാലങ്ങൾ
സൗഹൃദമാലകൾ ചാർത്തുവാൻമാത്രം
ഒരു പുഞ്ചിരിക്കായി മാത്രം

Irin Mariya Binny
8 C




## <u>വായനക്കുറിപ്പ്</u>

" ജ്വലിക്കുന്ന മനസ്സുകൾ "ലേഖനം : എപിജെ അബ്ദുൽ കലാം
പ്രസാധകർ : ഡി സി ബുക്സ് ഒക്ടോബർ 2002

ഭൂമിയിൽ നിന്ന് ഉന്നതിയിലേക്ക് സ്വപ്നം കാണാൻ കുട്ടികളോട് ആവശ്യപ്പെടുകയും തന്റെ ജീവിതം മാതൃകയാക്കുകയും ചെയ്ത മിസൈൽ

ടെക്നോളജി വിദഗ്ദനും, തമിഴ് ഭാഷാപണ്ഡിതനും രാഷ്ട്ര തന്ത്രജ്ഞനും മനുഷ്യസ്നേഹിയും തുടങ്ങി.... ധാരാളം വിശേഷണങ്ങൾ ഉള്ള അത്ഭുത പ്രതിഭാസമായ അവുൽ പകിർ ജൈനുലബ്ദീൻ അബ്ദുൽ കലാമെന്ന എ.പി.ജെ അബ്ദുൽ കലാമിന്റെ "ജ്വലിക്കുന്ന മനസ്സുകൾ" എന്ന ഈ പുസ്തകം ഒരന്വേഷണമാണ് .

കഴിവും വൈദഗ്ധ്യവുമുള്ള ഒരു ജനതയുടെ പതനത്തിന്റെ കാരണങ്ങളെക്കുറിച്ചുള്ള അബ്ദുൽ കലാമിന്റെ അന്വേഷണം. ആഗോളവൽക്കരണം, കമ്പോളമാദ്യം, പണപ്പെരുപ്പം, കലാപം, അസ്ഥിരത തുടങ്ങിയ ബാഹ്യമായ പ്രതിബന്ധങ്ങൾ പലതുണ്ട്.
പക്ഷേ,ഇവയ്ക്കെല്ലാമുപരിയാണ് രാഷ്ട്രചേതനയെ ബാധിച്ചിട്ടുള്ള പരാജയ മനോഭാവം. ലക്ഷ്യങ്ങളിൽ അടിയുറച്ച് വിശ്വസിക്കുകയും സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുമെന്ന ഉറച്ച ധാരണയുണ്ടാവുകയും ചെയ്താൽ ഉദ്ദിഷ്ടഫലസിദ്ധിയുണ്ടാകുമെന്നത് തീർച്ചയാണ് .നമ്മുടെ മനസ്സുകളിൽ ഈ വിശ്വാസം ഊട്ടിയുറപ്പിക്കുകയും പ്രതിബന്ധം സൃഷ്ടിക്കുന്ന ശക്തികളെ തകർ ത്തെറിയുകയും ചെയ്യുന്നതിനെ കുറിച്ചാണ് അബ്ദുൽ കലാം ഈ പുസ്തകത്തിൽ പറയുന്നത്.
ഈ പുസ്തകം പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന സ്നേഹൽ താക്കർ എന്ന പെൺകുട്ടിക്ക് സമർപ്പിച്ചുകൊണ്ടാണ് അദ്ദേഹം രചിച്ചത്. 2002 ഏപ്രിൽ പതിനൊന്നാം തീയതി വൈകുന്നേരം റോഡുമാർഗ്ഗം അദ്ദേഹം ആനന്ദിൽ എത്തി. അടുത്തദിവസം ആനന്ദാലയ ഹൈസ്കൂളിലെ വിദ്യാർത്ഥികളോട് സംസാരിക്കുന്നതിനിടയിൽ ഒരു ചോദ്യം ഉന്നയിക്കപ്പെട്ടു. "ആരാണ് നമ്മുടെ ശത്രു ?"അനേകം ഉത്തരങ്ങൾ ഉണ്ടായി. എങ്കിലും അവൾ പറഞ്ഞുതാണ ശരിയെന്ന് എല്ലാവരും സമ്മതിച്ചു: "ദാരിദ്രമാണ നമ്മുടെ ശത്രു"അതാണ് നമ്മുടെ പ്രശ്നങ്ങളുടെയെല്ലാം മൂലകാരണം,അതിനോടാണ് നാം പൊരുതേണ്ടത്,അല്ലാതെ നമ്മുടെ സ്വന്തം ജനങ്ങളോടല്ല.

ഈ പുസ്തകത്തിലെ മുഖ്യമായ ആശയം എന്താണെന്ന് വെച്ചാൽ വികസിതമായ ഒരു ഇന്ത്യയെന്ന അദ്ദേഹത്തിൻറെ സ്വപ്നം പങ്കു വയ്ക്കുക, നമ്മുടെയും എല്ലാവരുടെയും ജീവിതത്തിൽ സഫലമായിക്കാണുക, തന്റേതായ രീതിയിൽ തന്റെ വിശ്വാസികളെ പിന്തുടരാനും,താൻ ഇഷ്ടപ്പെടുന്ന ജോലികൾ ചെയ്യാനും അദ്ദേഹം ശ്രമിച്ചിട്ടുണ്ട് പക്ഷേ വഴികാട്ടാനല്ലാതെ അഭിപ്രായങ്ങളെ മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കാൻ ഉദ്യമിച്ചിട്ടില്ല.

ഈ പുസ്തകത്തിൽ അദ്ദേഹം പറയുന്നത് ഇതാണ് :ഒരു വികസിത രാഷ്ട്രമായി മുന്നോട്ട് കുതിക്കുക അല്ലെങ്കിൽ, രാഷ്ട്രീയ സാമ്പത്തിക മേഖലകളിൽ ലോകത്തെ നിയന്ത്രിക്കുന്ന ചുരുക്കം ചില രാജ്യങ്ങൾക്കടിമപ്പെട്ട നിത്യദാരിദ്ര്യത്തിലാണ്ടു നശിക്കുക എന്നതാണ്.

പുസ്തകത്തിലെ ഒൻപത് അധ്യായങ്ങളിലായി വിവിധ വിഷയങ്ങൾ അദ്ദേഹം പരാമർശിക്കുന്നുണ്ട് .ഒരു ഹെലികോപ്റ്റർ അപകടത്തിൽ നിന്ന് രക്ഷപ്പെട്ട സംഭവം തന്നെ ജീവിത വീക്ഷണത്തിൽ വരുത്തിയ വ്യതിയാനവും പരാമർശ വിധേയമാക്കുന്നു. ഇന്ത്യയൊട്ടാകെയുള്ള കുട്ടികളുമായി താൻ നടത്തിയ ആശയവിനിമയത്തെ സംബന്ധിക്കുന്നതാണ് അടുത്ത അദ്ധ്യായം. സന്യാസിമാർ, സിദ്ധന്മാർ ,ശാസ്ത്രജ്ഞൻമാർ , പ്രഗൽഭരായ ചിന്തകർ ഉടങ്ങിയവരെ സന്ധിച്ചതിൽനിന്ന് തനിക്ക് ലഭിച്ച ഉൾകാഴ്ചകളാണ് മറ്റുള്ള അധ്യായങ്ങളിൽ. കൃഷിയിലും വൈദ്യശാസ്ത്രത്തിലും നടത്തിയ ആശാവഹങ്ങളായ ചില പരീക്ഷണങ്ങളുടെ വിവരങ്ങളുണ്ട്. മറ്റു ചിലേടത്ത് പരിഹാരമാർഗ്ഗങ്ങളുടെ സൂചനകൾക്കൊള്ളുന്ന പ്രഥമവും പ്രധാനവുമായ ഈ രാഷ്ട്രത്തിലെ ജനങ്ങളിൽനിന്ന് പഠിച്ചതിൽ നിന്ന് യിദ്ദിച്ചതാണ് . നമ്മുടെ നാടിനെയും നാട്ടുകാരുടെയും പ്രകടനമാണ് ഈ ഗ്രന്ഥം.
ഈ പുസ്തകത്തിൽ നിന്ന് നമുക്ക് അബ്ദുൽ കലാമിന് അദ്ദേഹത്തിൻറെ നാട്ടിലെ ജനങ്ങളിൽ നിന്ന് ലഭിച്ച മാർഗ്ഗദർശനം ഈ പുസ്തകത്തിലെ 9 അധ്യായങ്ങളിലൂടെ കടന്നുപോകുന്ന വായനക്കാർക്ക് ലഭിക്കുമെന്നും അദ്ദേഹത്തിന് ലഭിച്ച സവിശേഷമായ മണ്ണിന്റെ സവിശേഷതമായ വിജ്ഞാ

വുമായി ബന്ധപ്പെട്ടാൻ ഇത് വായിക്കുന്ന ഓരോരുത്തർക്കും സാധിക്കുമെന്നത് തീർച്ചയാണ്.

# മഴ തുള്ളി

പട്ടു വിരിച്ച നീലാകാശത്തിൽ
തുള്ളി തുള്ളി ചാടും മഴ
കണ്ണീർ മുത്തുകലായ് കണ്ണീർ തുള്ളികളായ്
തുള്ളി തുള്ളി ചാടും മഴ

ആകാശത്തിൽ മഴ മായുകയായ്
മഴവിൽ വിരിയുകയായ്
ഏഴുവർണ്ണങ്ങളായ് നിറയുന്ന
മഴവില്ലേ നിന്നെ കാണാനെന്താ ചന്തം

Alfiya K.S
Vlll D

# ഒരു സങ്കീർത്തനം പോലെ

പുസ്തകങ്ങളോടുള്ള ഇഷ്ടം തുടങ്ങിയിട്ട് രണ്ടു വർഷമേ ആകുന്നുള്ളൂ .അക്ഷരങ്ങൾ നൽകുന്ന സന്തോഷവും വായന തരുന്ന സംതൃപ്തിയും അറിയാൻ വൈകിയതിൽ സങ്കടമുണ്ട്. ഈ രണ്ട് വർഷങ്ങൾക്കിടയിൽ കുറേ പുസ്തകങ്ങൾ വായിച്ചു. ആദ്യമൊക്കെ ബാലസാഹിത്യകൃതികൾ. പിന്നീട്, ചെറുകഥകളും കവിതകളും... ശേഷം, നോവലുകളുടെ ലോകത്തേക്ക്.... ഒരു നോവൽ വായിക്കാൻ തിരഞ്ഞെടുക്കുന്നത് വളരെ സൂക്ഷ്മതയോടെയാണ്. വായന ഏറെ ഇഷ്ടപ്പെടുന്ന എന്റെ സഹോദരിയോട് അഭിപ്രായം ചോദിക്കുക പതിവാണ്. കുറച്ചുനാളുകൾക്കു മുമ്പ് "മലയാള മനോരമ" പത്രത്തിൽ വന്ന രണ്ടു വാർത്തകൾ എന്നെ ഏറെ സ്വാധീനിച്ചു. അതിലേക്ക് ആകർഷിച്ചു. ആദ്യത്തെ വാർത്ത മധ്യവയസ്കനായ ഒരു സാധാരണക്കാരനായ ഓട്ടോ ഡ്രൈവർ തന്റെ ഓട്ടോയുടെ പേര് ഒരു നോവലിനോടുള്ള ആരാധന പ്രകാരം ആ നോവലിന്റെ പേരിടുന്നു. പിന്നീട് വന്ന വാർത്ത, ഒരു മലയാള നോവലിൻറെ നൂറാം പതിപ്പിന്റെ ആഘോഷങ്ങളെ കുറിച്ചുള്ളതായിരുന്നു. മലയാളഭാഷയെ കാൽപ്പനികതകൊണ്ടും ലാളിത്യം കൊണ്ടും സമ്പന്നമാക്കിയ മലയാളത്തിന്റെ അഭിമാനമായ പെരുമ്പടവം ശ്രീധരൻ സാറിന്റെ "ഒരു സങ്കീർത്തനം പോലെ”.

ലോക പ്രശസ്ത എഴുത്തുകാരൻ,

"ഫയദോർ മിഖൈലോവിച്ച്

ദസ്തയേവ്സ്കി"യുടെ ജീവിതത്തിന്റെ അതിസങ്കീർണമായ ഒരു പ്രതിസന്ധിഘട്ടമാണ് നോവലിന്റെ ഇതിവൃത്തം . ശാരീരികവും മാനസികവുമായ വിഷമതകൾ എല്ലാ അർത്ഥത്തിലും തളർത്തിയ ലോകം മുഴുവൻ ചൂതാട്ടക്കാരനെന്നും വൃത്തികെട്ടവനെന്നും മുദ്രകുത്തി മാറ്റിനിർത്തിയ കഥാകാരന്റെ അരികിലേയ്ക്ക് സ്റ്റെനോഗ്രാഫർ ജോലിക്കായി അന്ന എന്ന പെൺകുട്ടി എത്തുന്നു. ജീവിത പ്രതിസന്ധികളിൽ നിന്ന് താൽക്കാലിക രക്ഷപ്പെടൽ എന്നതിലുപരി തൻറെ അച്ഛൻ ഏറെ ആരാധിച്ചിരുന്ന ഒരു വലിയ മനുഷ്യനെ നേരിൽ കാണാനും കൂടെ ഇടപഴകാനുമുള്ള അവസരം ലഭിച്ച സന്തോഷത്തിലാണ് അന്ന ഫയദോറിനെ സന്ദർശിക്കുന്നത്.

പക്ഷേ, ആദ്യ അനുഭവം തന്നെ അന്നയെ ഞെട്ടിച്ചു. താൻ ഏറെ ആരാധിക്കുന്ന മനുഷ്യൻ യാതൊരു മുൻപരിചയവും ഇല്ലാതെ തന്നെ ശകാരിച്ച് അന്നയെ ആകെ തളർത്തി. പിന്നീട് അന്ന അദ്ദേഹത്തോട് കൂടുതലടുത്തു . കൂടുതല റിയുംന്തോറും അദ്ദേഹത്തെ കൂടുതൽ സ്നേഹിച്ചു .

അനാഥമാക്കപ്പെട്ട ബാല്യവും വേദനിപ്പിച്ച അനുഭവങ്ങളുമാണ് തന്നെ ഇത്രയേറെ തളർത്തിയതെന്ന് ഫയദോർ പറയുന്നു. എന്തുകൊണ്ടാണ് അങ്ങയുടെ എല്ലാ നോവലിലെയും

കഥാപാത്രങ്ങൾ വലിയ പ്രതിസന്ധികളിലൂടെ കടന്നു പോകുന്നതെന്ന് അന്നയുടെ ചോദ്യത്തിന് താൻ അനുഭവിച്ചതാണ് തന്റെ കഥാപാത്രങ്ങളിലൂടെ കാണുന്നതെന്നും നോവലിസ്റ്റിന്റെ അനുഭവങ്ങളാണ്. അദ്ദേഹത്തിന്റെ സൃഷ്ടികളെന്നും അദ്ദേഹം മറുപടി പറയുന്നു. ചൂതുകളി അടിമയായ അദ്ദേഹം അന്നയുടെ നിരന്തരപ്രേരണയുടെ ഫലമായി നോവലെഴുത്ത് പൂർത്തിയാകുന്ന "ചൂതാട്ടക്കാരൻ" എന്ന നോവൽ.

"ഇനിയും ഇങ്ങനെ കഷ്ടപ്പെടുത്തുന്നതിലൂടെ ഈ വലിയ മനുഷ്യനിലൂടെ ഈ ലോകത്തിന് എന്തു പഠിപ്പിക്കാനാണ്? ദൈവം സ്വന്തം പുത്രനെ കുരിശിനു കൊടുക്കുന്നത് കണ്ടിട്ടും പഠിക്കാത്ത ലോകത്തെയാണോ ഇനിയും ഇതുപോലെ ദുർബ്ബലമായ ഒരു ജീവനെ ഇട്ടു പീഡനുഭവങ്ങൾ സഹിപ്പിച്ച പഠിപ്പിക്കാൻ ശ്രമിക്കുന്നത്" എന്ന് അന്നയുടെ ചിന്ത മുഴുവൻ മനുഷ്യരാശിയുടെയും ഉള്ള ചോദ്യമാണ്..?

എനിയ്ക്കീ നോവൽ ഏറെ ഇഷ്ടമാണ്. കാരണം, എല്ലാവരും അകറ്റി നിർത്തുമ്പോഴുള്ള ഒരാളുടെ ചിന്തകളെ ഇതിൽ നിന്നും പൂർണ്ണമായും വായിച്ചെടുക്കാൻ നമുക്ക് സാധിക്കും. മാത്രവുമല്ല ആത്മാർത്ഥ സ്നേഹം ഒരാളെ എങ്ങനെ നന്മയിലേയ്ക്കും പുതു

ജീവതത്തിലേയ്ക്കും മടക്കി കൊണ്ടുവരുന്ന എന്നതിനുള്ള

തെളിവാണീ നോവൽ..........

അജ്മി കെ നാസർ

IX B

# ഉപന്യാസം

ഇന്നത്തെ കുട്ടികളാണ് നാളത്തെ പൗരന്മാർ.നാളയുടെ ഭരണചക്രം തിരിക്കേണ്ടവർ. അതുകൊണ്ടുതന്നെ അവരെ നിഷിപ്തമായിരിക്കുന്ന കടമകൾ ഏറെയാണ്.

നവകേരള നിർമിതിയിൽ വിദ്യാർത്ഥികൾക്കുള്ള പങ്ക് ഏറെ പ്രസക്തമാണ്. വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ധാരാളം പ്രവർത്തനങ്ങൾ ചെയ്യുവാൻ നമുക്ക് സാധിക്കും. നവകേരള നിർമ്മിതിയിൽ
പുതിയ ആശയങ്ങളും, ഉറച്ചകാൽവെയ്പ്പുകളും നടത്താൻ വിദ്യാർത്ഥികളായ നമ്മെക്കൊണ്ടു സാധിക്കും.

നവകേരള നിർമ്മിതിയിൽ ഏറ്റവും പ്രധാന്യമർഹിക്കുന്നത് പ്രകൃതി സംരക്ഷണമാണ്. വീടുകളിലും ,സ്കൂൾ പരിസരങ്ങളിലും ,

റോഡുസൈഡുകളിലും മറ്റും മരങ്ങൾ വെച്ചുപിടിപ്പിക്കുക, പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ എത്തിക്കുക, പേപ്പർ ബാഗ് നിർമ്മാണം, പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക എന്നിവ വിദ്യാർഥികൾക്ക് ചെയ്യുവാൻ സാധിക്കും. പ്ലാസ്റ്റിക് പേനകൾക്ക് പകരം പേപ്പർ പേനകളും മറ്റും ഉപയോഗിക്കുന്നത് വഴി ഒരു പരിധി വരെ പ്ലാസ്റ്റിക്കിനെ അകറ്റി നിർത്താൻ നമുക്ക് സാധിക്കും . ഇതിനായി 'ഹരിതവിദ്യാലയം' എന്നപേരിൽ ഒരു പദ്ധതി ഗവൺമെൻറ് തലത്തിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്.

പ്രകൃതിനശീകരണത്തിന്റെ ഫലമാണ് നാം അനുഭവിച്ച പ്രളയങ്ങളും.അതുകൊണ്ടുതന്നെ പ്രകൃതിസംരക്ഷണം നവകേരള നിർമ്മിതിയിൽ പ്രഥമസ്ഥാനം അർഹിക്കുന്നു. ഇതിൽ ധാരാളം പ്രവർത്തനങ്ങൾ ചെയ്യാൻ വിദ്യാർത്ഥികൾക്ക് സാധിക്കും. പ്ലാസ്റ്റിക്കിനു പകരം പുനരുപയോഗയോഗ്യമാക്കാവുന്ന വസ്തുക്കൾ കൊണ്ട് ഉത്പന്നങ്ങൾ നിർമ്മിക്കാം.

വിദ്യാർത്ഥികളുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിനും നാടിനും ഗുണകരമായ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും. പ്രളയത്തിൽ നശിച്ച ധാരാളം വീടുകൾ ഉണ്ട്. ആ വീടുകൾ പുനർ നിർമ്മിക്കുന്നതിനായി നമ്മെകൊണ്ടു സാധിക്കുന്ന വിധത്തിൽ എൻസിസി, എൻഎസ്എസ് ,റെഡ് ക്രോസ് എന്നീ

സംഘടനകളിലൂടെ ധാരാളം പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കും. പ്രളയം ഉണ്ടാകുമ്പോൾ എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ച് ആളുകൾക്ക് ബോധവൽക്കരണം നൽകാനും വിദ്യാർത്ഥികൾക്ക് സാധിക്കും.ഗവൺമെന്റ് തലത്തിലേക്ക് കൂടുതൽ നൂതനമായ ആശയങ്ങൾ നൽകി നവകേരളനിർമ്മിതിയിൽ ഉൾക്കൊള്ളിക്കുവാൻ നമുക്ക് സാധിക്കും.

നമുക്ക് ഒരുമിച്ച് നവകേരളത്തിനായി പ്രവർത്തിക്കാം. നമ്മുടെ ചെറിയ പ്രവർത്തനങ്ങൾ നാളെ വലിയ ചുവടുവെയ്പ്പുകൾ ആകട്ടെ. നാം ഇന്ന് നവകേരളനിർമ്മിതിക്കായി തുടങ്ങുന്ന ഓരോ ചെറിയ പ്രവർത്തനങ്ങളും നാളെ വലിയ കാൽവെപ്പുകൾ ആയി മാറാം. പ്രളയം ഉണ്ടാകുമ്പോൾ എടുക്കേണ്ട മുൻകരുതലുകൾ, അവയുടെ കാരണങ്ങൾ, അതിന്റെ പരിണിത ഫലങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തമായ ബോധമുണ്ടാകണം. എങ്കിലെ ഇനി ഒരു പ്രളയം കൂടി ആവർത്തിക്കാതിരിക്കു .

ഓരോ പ്രളയവും നമുക്ക് നൽകിയത് ഓരോ പാഠങ്ങളാണ് . ആ പാഠങ്ങൾ ഉൾക്കൊണ്ട് പുതിയ കേരള സൃഷ്ടിയിൽ വിദ്യാർത്ഥികൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് നമുക്ക് കണ്ടെത്താം. ആ പ്രവർത്തനങ്ങൾ

കൃത്യമായി ചെയ്തു നവകേരളനിർമ്മിതിയിലുള്ള വിദ്യാർത്ഥികളുടെ പങ്ക് നമുക്ക് പൂർണ്ണമാക്കാം.

നമുക്ക് മുന്നേറാം ഒരേമനസ്സോടെ ഒരേ ചുവടുവെപ്പുകളോടെ,നല്ലൊരു നാളെക്കായി നവകേരളത്തിനായി!!!!

പവിത്ര ജെ നായർ

# എന്റെ മഴയനുഭവം

എനിക്ക് ഏറ്റവും ഇഷ്ടമുള്ള ഒരു കാര്യമാണ് മഴ.മഴഇഷ്ടമില്ലാത്തവരായി ആരു തന്നെയില്ല .ആകാശത്തുനിന്ന് വിഴുന്ന ഒരോ മഴത്തുള്ളികളും ഭൂമിയെ സമൃദ്ധിയാക്കുന്നു.മഴ പെയ്യും നേരം മുറ്റം നിറയെ വെള്ളമായിരിക്കും. ആ വെള്ളത്തിലേക്ക് ആകാശത്തിൽ നിന്ന് മുത്തുമണിക

പോലെ താഴോക്കു വീഴുന്ന മഴത്തുള്ളികളുടെ ശബ്ദം കേൾക്കാൻ ഒരു പ്രത്യേകസുഖമാണ്. മഴയുടെ കൂടെ കൂട്ടുാരനേപ്പോലെ വരുന്ന കാറ്റും തണുപ്പും എനിക്ക് ഒരു പാട് ഇഷട്മണ് . ഇതെല്ലാമണ് എന്റെ മഴ അനുഭവം .

Amulya Prakash ,8D

# സ്വപ്ന നിലാപക്ഷി..

അറിയില്ല ! എന്തെഴുതണം എന്നറിയില്ല !

ഏതോ സ്വപ്ന ലോകത്തെ നിലാ-

പക്ഷി പോലെ,

ഈ തൂലികയുടെ ഉൾകാമ്പിൽ നിറഞ്ഞിരിക്കുന്ന

മഷിയിൽ നിന്നും അടർന്ന അക്ഷരങ്ങൾ

പെറുക്കിയെടുത്ത് എന്തോ കുറിക്കുന്നു...!

സാഹിത്യമോ ആശയമോ അറിയില്ല ....

അക്ഷരങ്ങളോ വാക്കുകളോ അറിയില്ല ...

ഒന്നും അറിയാതേ കവിതയുടെ ലോകത്ത്

ഒരു വിഡ്ഢിയേപോലേ....,

എന്ത് എഴുതുന്നു എന്നറിയാത്ത

"സ്വപ്നനിലാപക്ഷി...”!

Sandra Manikuttan,
9B

# THE THREE STARS

The three stars
They are my lovely ones
I see them all the day

The three stars
My lovely stars
They came from heaven to the earth
I say all the things to them and
they also loves me.

Minna Rose Aby,9B

# പുനർജനി

മഴ ഭൂമിയെ അന്ധകാരത്തി

ലാഴത്തി ;ഇടിമിന്നലിന്റെ

ഗർജനത്തിലൂടെ അട്ടഹാസത്തിലൂടെയും ഭയപ്പെയുത്തി..,

(അവസാനം) കാർമേഘങ്ങൾ

പൊട്ടിക്കരഞ്ഞു.

പ്രക്രിതിയുടെ വാദ്യാകംബടിയോടെ മാറ്റലികൊണ്ട മഴ

അതിലേക്ക് തന്നെ അലിഞ്ഞുചേർന്നു

ഭൂമിയെ കുളിർപ്പിച്ചുകൊണ്ട്’.

അതിന്റെ മാതാവിലേക്ക്,വീണ്ടും

പാനർജനിക്കാൻ.

പ്രതീക്ഷിക്കാം വീണ്ടും,

കാത്തിരിക്കാം ആ ‘പുനർജനിക്കായി....,

Sandra Manikuttan
IX B

# MOTHER

The best person
I' am ever having
The beautiful smile
I' have ever seen
The best decision maker
I' have ever found
The bold beautiful
person who always
be sider me
It's you my mother....
The pure diamond.
I have ever .

# FATHER

You give me the courage to
speak out
You gives me the window
to stand sturn....
You are responsible for where
I’ am now
You are the best.

## മഞ്ഞിൽ വിരിഞ്ഞ പൂക്കൾ

മെയ് മാസം ചൂട് പകർന്നാട്ടും ഈ ഈരാവിൽ..
നിന്നിളം ചുണ്ടിൽ മൂളും നൂറു ഗാനങ്ങൾ
മഞ്ഞു മാസ കാലം പോലെ
പുലരിയറ്റ കിനാക്കൾ പോലെ
വന്നിരുന്ന നിൻ ചാരെ ഓമലാളെ
വന്നിരുന്ന നിൻ ചാരെ

ദേവികാ ബി എസ്

8E

## ധീര വനിത

അന്ന് പതിവിലും നേരത്തെ തോമസുകുട്ടി സ്കൂളിൽ നിന്നും വന്നു. അമ്മേ ഇതാ ഒരു കത്ത് എൻറെ ക്ലാസ് ടീച്ചർ അമ്മയ്ക്ക് തന്നെ വിട്ടതാ. കത്തിലൂടെ കണ്ണോടിച്ച് അമ്മയുടെ മുഖം മങ്ങി. ഭാവമാറ്റം ശ്രദ്ധിച്ച് അവൻ ചോദിച്ചു എന്താ അമ്മയെ കത്തിൽ ? ഇതിൽ ചെറുപുഞ്ചിരിയോടെ അമ്മ കത്ത് ഉറക്കെ വായിച്ചു" നിങ്ങളുടെ മകൻ അസാമാന്യ കഴിവുകളുള്ള ഒരു കുട്ടിയാണ് ഈ ചെറിയ സ്കൂളിലെ അധ്യാപകരോ സൗകര്യമോ അവനെ നന്നായി പഠിപ്പിക്കാൻ മതിയാവില്ല , നിങ്ങൾ തന്നെ കൂടുതൽ സമയമെടുത്ത് അവനെ പഠിപ്പിക്കുന്നത് ആവും ഉചിതം". തോമസ് കുട്ടിക്ക് സന്തോഷം ആയി. സ്നേഹനിധിയായ ആ അമ്മ തന്നെ മകൻറെ അധ്യാപികയായി മാറി.

കാലങ്ങൾ കഴിഞ്ഞു അവൻ നൂറ്റാണ്ടിലെ തന്നെ മികച്ച ശാസ്ത്രജ്ഞനായി മാറി തോമസ് ആൽവ എഡിസൺ. ഒരു ദിവസം വീട്ടിലെ പഴയ സാധനങ്ങൾ മടക്കിവെച്ച ക്രമീകരിക്കുക യായിരുന്ന എഡിസൺ മടങ്ങി കിടന്ന ഒരു പേപ്പർ ശ്രദ്ധയിൽപ്പെട്ടു അത് തുറന്നു വായിച്ച എഡിസൺ ഞെട്ടിപ്പോയി. വളരെ വർഷങ്ങൾക്കു മുൻപ് പ്രാർത്ഥിച്ച് അമ്മയ്ക്ക് നൽകുവാൻ തന്നിട്ട് കത്തായിരുന്നു അത്. അതിൽ എഴുതിയിരുന്നത് ഇപ്രകാരമായിരുന്നു " നിങ്ങളുടെ മകൻ ബുദ്ധിയില്ലാത്ത ഒരു കുട്ടിയാണ് ഇവനെ പഠിപ്പിച്ച സമയം കളയാൻ ഞങ്ങൾക്കാവില്ല ദയവായി ഇവനെ ഈ സ്കൂളിലേക്ക്

ഇനി അയക്കരുത് " . കത്ത് വായിച്ച് എഡിസൺ മണിക്കൂറുകൾ ഒറ്റയ്ക്കിരുന്ന് വാവിട്ടുകരഞ്ഞു. അവസാനം അയാൾ തന്നെ ഡയറി ഇപ്രകാരം കുറിച്ചു ബുദ്ധിയില്ലാത്ത എഡിറ്ററെ ലോകത്തിന് മുന്നിൽ മഹാൻ ആക്കിയ എൻറെ അമ്മയാണ് യഥാർത്ഥ ധീരവനിത.

അന്ന് ആ കത്തിൻറെ സാരം മകൻറെ മുൻപിൽ അമ്മ അവതരിപ്പിച്ചിരുന്നു എങ്കിൽ എന്താകുമായിരുന്നു..? ഏതൊരു അമ്മയ്ക്കും വലിയ ശക്തിയുണ്ട് ഉണ്ട് സ്നേഹത്തിലൂടെ ഹൃദയങ്ങളെ ചലിപ്പിക്കാനുള്ള മഹാശക്തി നമ്മുടെ അമ്മയെ അനുസരിക്കാനും സ്നേഹിക്കാനും മത്സരിച്ചാലോ ....?

# എന്റെ പ്രിയസഖി

ഇവളെന്നുമെന്റെ പ്രിയസഖിയാണേ....
ഇവളെന്നുമെന്റെ പ്രിയസഖിയാണ
ഇവളെ കാണാത്ത നേരങ്ങളെല്ലാം
എന്റെ മനസ്സിൽ നൊമ്പരമാ ...

ഇവളില്ലെങ്കിൽ ഞാനിനിയില്ല
ഇവളെൻ കനവിൽ
എൻ പ്രിയ തോഴി

ഇവളില്ലാത്ത നേരമില്ലെനിക്ക്
ഇവളില്ലാത്ത ദിനമില്ലെനിക്ക്
എന്നിലെ അനുരാഗ കനിയാണ നീ ....
എന്നിലെ അനുരാഗ കനിയാണ നീ ....

എന്റെ ആത്മാവിൽ നീ മാത്രമാണ് ...
എന്റെ മനസ്സിൽ നീയാണ്
എൻ പ്രിയ തോഴി നീമാത്രമാണ് ......
എൻ പ്രിയ തോഴി നീമാത്രമാണ്.......

അതിരുകളില്ലാത്ത സൗഹൃദ കടലിൽ
നാം ഇരുപേരും നീന്തിടുന്നു

Keerthana
VIII C